# വാത്സല്യം

## കണ്ണൂരിനെ (പീഢനപ്പുഴുക്കുത്തേല്ക്കാത്ത) ശിശുസൗഹൃദ ജില്ലയാക്കാൻ ഒരു കർമ്മപദ്ധതി

തയ്യാറാക്കിയത്
കണ്ണൂർ ജില്ലാ ഭരണകൂടം

(അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്ന വിലാസത്തിൽ അയക്കുവാൻ താല്പര്യപ്പെടുന്നു)

valsalyam.kannur@gmail.com

.................. സ്വർഗ്ഗത്തിലെ

കുഞ്ഞുതുള്ളികൾക്ക്

സമർപ്പിക്കുന്നു. ........................

# ഉള്ളടക്കം


1. ആമുഖം
2. ഈ കർമ്മപദ്ധതിയുടെ പ്രാധാന്യം
3. 'വാത്സല്യ'ത്തെപ്പറ്റി
4. വിവിധ വകുപ്പുകളുടെ ഔദ്യോഗിക കർത്തവ്യങ്ങൾ
5. പ്രാദേശികതലത്തിലെ പ്രവർത്തനങ്ങൾ
6. പുനരധിവാസവും സഹായവും
7. വാത്സല്യത്തിന്റെ ധനാവശ്യകത
8. ഉപസംഹാരം
9. അനുബന്ധങ്ങൾ.

**"കുട്ടി ഇന്ന് ആരാണ് എന്ന കാര്യം മറന്നിട്ട് അവൻ/അവൾ നാളെ ആരാകും എന്ന് നമ്മൾ ഉത്കണ്ഠപ്പെടുന്നു."**

ഒരു കുട്ടി ജനിക്കുമ്പോൾ തന്നെ കുടുംബം അവന്റെ/അവളുടെ ഭാവിയെപ്പറ്റി ചിന്തിച്ചു തുടങ്ങുന്നു. ജീവിതോൽക്കർഷം നേടാൻ ഏവരും കുട്ടിയെ നയിക്കാൻ പരിശ്രമിക്കുന്നു. എന്നാൽ അറിവും ആത്മബലവും സമ്പത്തും നേടുന്ന ഒരു മനുഷ്യജീവിയായി വളരാൻ വേണ്ട സംരക്ഷണവും സുരക്ഷിതത്വവും ഭൗതികസാഹചര്യങ്ങളും നമ്മൾ അവന്/അവൾക്ക് നല്കുന്നുണ്ടോ? ഈ ചോദ്യം ഇന്നത്തെ സമൂഹത്തിന് നേരെ ഉന്നയിക്കപ്പെടുകയാണ്.

നല്ല പൗരന്മാരുണ്ടെങ്കിലേ നല്ല രാഷ്ട്രമുണ്ടാകൂ. ഇന്നത്തെ കുട്ടികളെ നന്നായി രൂപപ്പെടുത്തിയാലേ നാളെ നല്ല പൗരന്മാരുണ്ടാകുകയുള്ളൂ. കണ്ണൂർ ജില്ലയുടെ ഈ 'വാത്സല്യം' പദ്ധതി കുട്ടികളെ ശാരീരികമായും ലൈംഗികമായും ദുരുപയോഗം ചെയ്യുന്നത് തടയാനും നന്നായി വളർത്താനും സാഹചര്യമൊരുക്കാനുള്ള ഒരു വിനീത പരിശ്രമമാണ്. പത്രങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും നാമറിയുന്ന നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഒരു സമൂഹമെന്ന നിലയിൽ നമ്മുടെമേൽ വലിയ ആഘാതമേല്പിക്കുന്നു. കുട്ടികളെ നമ്മൾ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് നമ്മൾ പ്രവർത്തിയിലൂടെ തെളിയിക്കാൻ ഈ പദ്ധതിയിലൂടെ നമുക്കു കഴിയട്ടെ. അവസരം തരികയാണ്.

**<u>എന്തുകൊണ്ട് വാത്സല്യം?</u>**

മത്സരിക്കാനും മികച്ചു നില്ക്കാനും കടുത്ത സമ്മർദ്ദം നേരിടേണ്ടി വരുന്ന ഇന്നത്തെ കുട്ടികൾക്ക് മാനസികവും ശാരീരികവുമായ വളർച്ചയ്ക്കുപകരിക്കുന്ന സ്വാഭാവികമായ ഒരു സാഹചര്യം ഉണ്ടാകണം. എന്നാൽ അതിനു വിരുദ്ധമായി, ഭൗതികവാദത്തിന്റെ നുഴഞ്ഞുകയറ്റം ചുറ്റുപാടുകളെ മാറ്റിമറിക്കുകയും കുട്ടിയുടെ ശൈശവത്തെ തന്നെ അവനിൽ നിന്ന്/അവളിൽ നിന്ന് എടുത്തുകളയുകയും ചെയ്യുന്നു.

ശാരീരികവും മാനസികവും ലൈംഗികവുമായ വിവിധ തരം പീഡനങ്ങൾക്ക് ഇന്ന് കുട്ടികൾ ഇരയാകുന്നു.

**<u>മാനസിക/വൈകാരിക പീഡനം:</u>** ഇവിടെ കുട്ടികളുടെ സാധാരണ ചിന്തകളെ ദോഷകരമായി ബാധിക്കുന്ന വാക്കുകൾ മാരകയുധങ്ങളെപ്പോലെ മുറിവേല്പിക്കുന്നതായി മാറുന്നു. ആത്മവിശ്വാസം കുറയാനും അവഹേളനത്തിലും നിരാശയിലും കുട്ടി ആണ്ടുമുങ്ങാനും ഇടവരുന്നു.

**<u>ശാരീരിക ദുരുപയോഗം:</u>** ഒരു കുട്ടിയുടെ ശരീരത്തിന്മേൽ അപ്രതീക്ഷിതമല്ലാത്ത വിധം മുറിവേല്പിക്കുന്ന ഏതു പ്രവർത്തനവും ശാരീരിക ദുരുപയോഗമായി മാറും. മിക്കപ്പോഴും അത് ശാരീരിക അവഗണനയ്ക്കു മുന്നോടിയാകും. ഇങ്ങനെ അവഗണിക്കപ്പെട്ട കുട്ടി അംഗീകാരം പിടിച്ചുപറ്റാൻ വെമ്പുന്ന പെരുമാറ്റത്തിന് ഉടമയാകും. അത് ചിലപ്പോൾ നിഷേധവാസനയും അതിന്മേലുള്ള ശ്രദ്ധ നേടലുമാവാം. പ്രത്യേക ശ്രദ്ധവേണ്ടവരോ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരോ, വീട്ടിൽ നിന്ന് അകന്ന് താമസിക്കുന്നവരോ, വീടില്ലാത്തവരോ ആയ കുട്ടികൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്.

**<u>ലൈംഗിക ദുരുപയോഗം:</u>** നിസ്സഹായരായ ഇരകളുടെ യാതനകളെ തെല്ലും പരിഗണിക്കാതെ പ്രായപൂർത്തിയായ ഒരാളോ, കൂടുതൽ പ്രായമുള്ള കൂടുതൽ ആരോഗ്യമുള്ള മറ്റൊരു കുട്ടിയോ നടത്തുന്ന ഏതുതരം ലൈംഗിക പെരുമാറ്റവും പീഡനമാകുന്നു.

വൈകാരികവും ശാരീരികവുമായ ദുരുപയോഗം സൃഷ്ടിച്ച മുറിവുകൾ കാലം ഉണക്കിയേക്കാം. അടുപ്പമുള്ളവരിൽ നിന്ന് ലഭിക്കുന്ന അതീവ ശ്രദ്ധയും ആത്മാർത്ഥ സ്നേഹവും ഇതിനു സഹായകമാകും. എന്നാൽ ലൈംഗിക പീഢനം സൃഷ്ടിക്കുന്ന മുറിവ് കുട്ടിയുടെ വൈകാരികവും ശാരീരികവുമായ സന്തുലനാവസ്ഥയ്ക്ക് കാര്യമായ തകരാറുണ്ടാക്കുന്നു. പ്രതീക്ഷകൾ കരിഞ്ഞതും വേദനനിറഞ്ഞതുമായ ഒരു ജീവിതത്തിലേക്ക് തള്ളിയിട്ടുകൊണ്ടാണ് അത്തരമൊരു പ്രവൃത്തി കുട്ടിയെ മാറ്റിമറിക്കുന്നത്. അതുകൊണ്ട് 'ശിശുസൗഹൃദ കണ്ണൂരിനുവേണ്ടി' എന്ന മുദ്രാവാക്യത്തോടെ, കുട്ടികളെ പീഢിപ്പിക്കുന്നത് തടയാൻ ജില്ലാ ഭരണകൂടവും, പ്രധാന വകുപ്പുകളും പ്രദേശിക ഭരണകൂടവും സിവിൽ സമൂഹവും ഒന്നിച്ചുചേർന്ന് ഒരു കർമ്മപദ്ധതിയുമായി മുന്നോട്ടുവരികയാണ്.

ഈ ഭവിഷ്യത്തിനെ തുത്തെറിയാൻ പല തരത്തിലുള്ള പരിശ്രമങ്ങളും നടന്നിട്ടുണ്ട്. പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റുകളും ചൈൽഡ് ഹെൽപ്പ്ലൈൻ നമ്പറുകളും ആ ശ്രമങ്ങളെ സഹായിച്ചിട്ടുണ്ട്. അടുത്തകാലത്ത് നിലവിൽ വന്ന ലൈംഗിക കുറ്റകൃത്യങ്ങൾക്കിരയാവുന്ന കുട്ടികളെ സംരക്ഷിക്കുന്ന നിയമം (POCSO 2012) കുറ്റം ചെയ്യുവർക്ക് കടുത്തശിക്ഷയും സങ്കീർണ്ണമായ വ്യവസ്ഥകളും നടപ്പിലാക്കി. എന്നാൽ ജനകീയ ബോധവൽക്കരണത്തിന്റെ അഭാവം, കുടുംബമൂല്യങ്ങളുടെ ശോഷണം മാറിമാറിവരുന്ന ജീവിത ശൈലി ഇവയെല്ലാം ചേർന്ന് ഈ നല്ല നടപടിക്രമങ്ങളുടെ ഫലം പൂർണ്ണതയിലെത്തുന്നത് തടയുന്നു.

## ലൈംഗിക പീഢനം കേരളത്തിലെ കുട്ടികളിൽ

കുട്ടികളെ, ധാർമ്മികമായും സാമൂഹികമായും സംരക്ഷിക്കാൻ ബാധ്യസ്ഥരായ ആളുകൾ തന്നെ അവരെ ലൈംഗീകമായി ചൂഷണം ചെയ്യുന്നു എന്ന് വിളിച്ചു പറയുന്ന ഏതാനും സംഭവങ്ങൾ കേട്ട് കേരളം മരവിച്ച് നിൽക്കുകയാണ്. കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യങ്ങളുടെ എണ്ണം ഭയാനകമായി വർദ്ധിച്ചുവരുന്നതിന് സാക്ഷിയാകുകയാണ് നമ്മുടെ കേരളം.

സംസ്ഥാന കുറ്റാന്വേഷണ ബ്യൂറോയുടെ രേഖകൾ അനുസരിച്ച് 2012 സ്റ്റെപ്റ്റംബർ വരെ 286 കുട്ടികൾ കേരളത്തിൽ ബലാത്സംഗം ചെയ്യപ്പെട്ടു. 2011 ൽ ആ സംഖ്യ 423 ആയിരുന്നു. അതിൽ 47 കുട്ടികൾ കൊല്ലപ്പെടുകയും 129 പേരെ തട്ടിക്കൊണ്ട് പോകുകയും ചെയ്തു. കേരളത്തിൽ 35-40% കുട്ടികൾ ഏതെങ്കിലും വിധത്തിലുള്ള ലൈംഗിക പീഢനത്തിനിരയാക്കപ്പെടുന്നു എന്ന ഭീതിതമായ സത്യമാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്.

കുറ്റകൃത്യം ചെയ്യുവർ എന്നു പറയുന്നവരിൽ 90 ശതമാനവും അടുത്ത ബന്ധുക്കളോ, അധ്യാപകരോ, അച്ഛനമ്മമാരോ ആണെന്നതാണ് നമ്മെ ഏറെ ദു:ഖിപ്പിക്കുന്ന കാര്യം. ഇങ്ങനെയുള്ള പലസംഭവങ്ങളും മാനഹാനി ഭയന്ന് പുറത്തറിയാതെ ഒതുക്കിതീർക്കുന്നുമുണ്ട്.

ഐക്യരാഷ്ട്രസഭ തയ്യാറാക്കിയ കുട്ടികളുടെ അവകാശങ്ങളിന്മേലുള്ള രേഖയുടെ ആമുഖത്തിൽ പറയുന്നു. 'സമൂഹത്തിന്റെ അടിസ്ഥാന ഘടകമെന്ന നിലയിൽ കുടുംബമായിരിക്കണം കുട്ടികളുടെ വളർച്ചയ്ക്കും സുസ്ഥിതിക്കും ഉതകുന്ന സ്വാഭാവിക പരിസ്ഥിതി നല്കേണ്ടതാണ്.' അതുകൊണ്ട് കുട്ടികളുടെ സർവ്വതോന്മുഖ വളർച്ചയെ തകർത്തുകളയുന്ന മാരകയുധങ്ങളായിരിക്കും കുടുംബത്തിനുള്ളിൽ നിന്നേൽക്കുന്ന പീഢനങ്ങൾ.

കൂട്ടുകുടുംബങ്ങളിൽ നിന്നും ചെറുകുടുംബങ്ങളിലേക്കുള്ള മാറ്റം ഈ കാലഘട്ടത്തിൽ വർദ്ധിച്ചിരിക്കുന്നു. കുടുംബാംഗങ്ങൾ അറിവിൽ വളരുന്നുണ്ടെങ്കിലും അവരുടെ കുട്ടികളുടെ ഉയർന്ന സംരക്ഷണാവകാശങ്ങളെ കുറിച്ചുള്ള അറിവിൽ വളരുന്നില്ല. കുട്ടികളുടെ അവകാശങ്ങളെ കുറിച്ച്

അവബോധമില്ലാത്ത അച്ഛനമ്മമാരും അദ്ധ്യാപകരും ചുറ്റുപാടുമുള്ളപ്പോൾ കുടുംബത്തിനകത്തും പുറത്തും അവർ ചൂഷണം ചെയ്യപ്പെടുന്നു. അതേസമയം വർദ്ധിച്ചു വരുന്ന ഉപഭോഗ തൃഷ്ണയും ആഗോളവത്ക്കരണവും വിവിധ അറിവുകൾ നേരിട്ട് നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന വിവരവിസ്ഫോടനവും, നല്ലതും മോശവുമായ ശീലങ്ങളും, ബന്ധങ്ങളും - പ്രശ്നം സങ്കീർണമാക്കുന്നു. സ്വയം തിരിച്ചറിയാൻ കഴിവില്ലാത്ത പ്രായത്തിൽ അവർ ചതിക്കുഴിയിൽ അകപ്പെടുന്നു. ഇത്തരം പ്രശ്നങ്ങൾ കൂടുതൽ കാണുന്നത് ബന്ധങ്ങൾ തകർന്ന കുടുംബങ്ങളിലാണ്. കുട്ടികൾക്കിടയിൽ മദ്യപാനവും മയക്കുമരുന്ന് സേവയും വ്യാപകമാകാനുള്ള കാരണങ്ങളിലൊന്ന് കൂടിയാണിത്.

## കണ്ണൂരിലെ സ്ഥിതി

അടുത്തകാലത്ത് കണ്ണൂരിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളെയും പ്രതിനിധികളെയും കൊണ്ട് ബോധവത്ക്കരണം നടത്താനുള്ള ജില്ലാ ഭരണകൂടത്തിന്റെ ശ്രമങ്ങൾ നല്ല മാറ്റങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും ഇനിയും വളരെയധികം ചെയ്യാനുണ്ട്. നമ്മുടെ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ ചുവടെ ചേർക്കുന്ന സ്ഥിതിവിവരകണക്ക് അവയുടെ വിവിധ ഘട്ടങ്ങൾ കാണിച്ചുതരുന്നുണ്ട്.

**2013 ഫെബ്രുവരി വരെ റിപ്പോർട്ടു ചെയ്യപ്പെട്ട ശിശുപീഢന കേസുകളുടെ സ്ഥിതി വിവരകണക്ക്**

| നിലവിലത്തെ അവസ്ഥ/വർഷം | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 | ആകെ |
|---|---|---|---|---|---|---|---|---|
| കുറ്റവിമുക്തരാക്കിയവർ | -- | 6 | -- | - | -- | -- | -- | 6 |
| കൂട്ടുപ്രതികളായവർ | 2 | -- | -- | -- | -- | -- | -- | 2 |
| കുറ്റവാളികൾ | -- | -- | 1 | -- | -- | -- | -- | 1 |
| വാസ്തവവിരുദ്ധം | -- | -- | -- | -- | 1 | -- | -- | 1 |
| വിചാരണ കഴിയാത്തവ | 2 | 7 | 13 | 8 | 23 | 9 | -- | 62 |
| അന്വേഷണം നടക്കുന്നവ | -- | -- | - | -- | 1 | 15 | 7 | 23 |
| ആകെ | 4 | 13 | 14 | 8 | 25 | 24 | 7 | 95 |

മാധ്യമങ്ങളുടെയും സമൂഹത്തിന്റെ തന്നെയും അതീവ ശ്രദ്ധാകേന്ദ്രമായിരുന്ന കണ്ണൂരിൽ ഈ കണക്കുകൾ പുറത്തുവന്നപ്പോൾ കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ഒരു കർമ്മപദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഇവിടുത്തെ വിവിധ കാര്യനിർവ്വാഹകർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

കുട്ടികളെ മാനസികമായും ലൈംഗികമായും ശാരീരികമായും പീഡിപ്പിക്കുന്നവർക്കെതിരെ പൊരുതുന്ന വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വ്യക്തികളും (കാര്യ നിർവ്വാഹകർ) കണ്ണൂർ ജില്ലയിലുണ്ട്. എങ്കിലും ചില പോരായ്മകൾ കാണപ്പെടുന്നുണ്ട്.

- ഭൂരിഭാഗം വകുപ്പുകളും സ്ഥാപനങ്ങളും പ്രതിനിധികളും ഒന്നിച്ചു പ്രവർത്തിക്കുന്നതിനു പകരം ഒറ്റയ്ക്കൊറ്റയ്ക്കാണ് പൊരുതുന്നത്.
- റിപ്പോർട്ടു ചെയ്യപ്പെട്ട കേസുകളിലെ ഇരകളുടെ പുനരധിവാസവും ബാല/ബാലികാ പീഢനകേസുകൾ തടയലും രണ്ടു വ്യത്യസ്ത വിഭാഗങ്ങളായി കൈകാര്യം ചെയ്യുന്നതും വ്യത്യസ്ത ഏജൻസികളിലൂടെ പരസ്പര ഐക്യമില്ലാതെ അവരവരുടെ കടമകൾ നിർവ്വഹിക്കുന്നതും പ്രതീക്ഷിച്ച ഫലം നല്കുന്നില്ല.

- ഈ വിപത്തിനെതിരെ സർവ്വശക്തി സ്രോതസ്സുകളുമുപയോഗിച്ച് പ്രതിരോധിക്കാൻ ഒരു പൊതുവേദിയില്ല.
- പലകാരണങ്ങളാൽ കുട്ടികൾക്ക് അവരുടെ വേദനകൾ വെളിപ്പെടുത്താനൊരു വേദികിട്ടുന്നില്ല. എന്നുമാത്രമല്ല പൂർണ്ണമായി ഒരു ശിശു സൗഹൃദാന്തരീക്ഷം നമുക്കില്ലാതാനും

അതുകൊണ്ട് ബാല/ബാലികാ പീഢനം ജില്ലയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഗവൺമെന്റിന്റെയും ഗവൺമെന്റിതര കാര്യനിർവ്വാഹകരുടെയും പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ സമന്വയിപ്പിക്കുകയും പൂർണമാക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

## 'വാത്സല്യം'

പീഢനരഹിതമായ ഒരു ശിശുസൗഹൃദ കണ്ണൂർ ജില്ലയെ സ്വപ്നം കണ്ടുകൊണ്ട് രൂപം കൊടുത്ത ഈ കർമ്മപദ്ധതി അടുത്ത അധ്യയനവർഷം തന്നെ ജില്ല മുഴുവൻ നടപ്പാക്കാനാരംഭിക്കും. ലഭ്യമായ എല്ലാ സ്രോതസ്സുകളും തയ്യാറുള്ള കാര്യനിർവ്വാഹകരും നിയമവ്യവസ്ഥയും ഒന്നിച്ചിണക്കി അണിനിരത്താൻ ഈ കർമ്മപദ്ധതി പരിശ്രമിക്കുന്നു. അതുവഴി പീഡനകേസുകൾ ഉണ്ടാകാതിരിക്കാനും പീഢിപ്പിക്കപ്പെട്ടവർക്ക് സഹായമുറപ്പുവരുത്താനും ലക്ഷ്യമിടുന്നു.

പീഢനമേറ്റവരുടെ ജീവിതപ്രശ്നങ്ങൾ, ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ, കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷ എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കാൻ മാനവവിഭവശേഷി ഉൾപ്പെടെയുള്ള എല്ലാ പ്രദേശിക സ്രോതസുകളെയും ഉപയോഗിക്കാൻ ഈ പദ്ധതി ശ്രമിക്കുന്നു. ഒപ്പം വ്രണിതഹൃദയരായ ഇരകൾക്കും മറ്റും ആശ്വാസം നല്കി നിയമപരവും സാമൂഹികവുമായ പരിഹാരം നേടിക്കൊടുക്കാനും ലക്ഷ്യമിടുന്നു.

## വാത്സല്യം ലക്ഷ്യം വയ്ക്കുന്ന ഗ്രൂപ്പുകൾ.

1. ജില്ലയിലെ എല്ലാ സ്കൂളുകളും (5 ാം ക്ലാസ്സുമുതലുള്ള കുട്ടികൾ, 1ാം ക്ലാസ്സുമുതലുള്ളവരുടെ രക്ഷിതാക്കൾ എന്നിവർ)
2. അനാഥാലയങ്ങൾ
3. പട്ടികവർഗ്ഗവിദ്യാർത്ഥി (എസ്.ടി.) ഹോസ്റ്റലുകൾ.
4. പഞ്ചായത്തുകൾ വഴി പൊതുജനങ്ങൾ.

## ഈ പദ്ധതിയുടെ പ്രവർത്തനം:

കണ്ണൂരിലെ ഇന്നത്തെ കഷ്ടാവസ്ഥയ്ക്കുള്ള ഉത്തരവാദിത്തം നേരിയ തോതിലെങ്കിലും എല്ലാവരിലും ഉണർത്തി, തങ്ങളിൽത്തന്നെ ഒരു വലിയമാറ്റം ഉണ്ടാക്കിയെടുക്കൽ 'വാത്സല്യ' ത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യങ്ങളും, സന്ദേശവും ആത്മാർത്ഥ ശ്രമങ്ങളും എല്ലാവരിലും എത്തിക്കുന്നതിനും കാര്യ നിർവ്വാഹകരുടെ സേവനം വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിനും പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ വാത്സല്യത്തിന്റെ ഭാഗമാണ്. സ്വയം സംരക്ഷിക്കുന്നതിനു വേണ്ടി കുട്ടികളെ സജ്ജമാക്കുന്നതും കൂടുതൽ അറിവും ധൈര്യവും പകർന്നുകൊടുക്കുന്നതും കൂടി ഇതിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

## ഈ കർമ്മപദ്ധതിയുടെ രണ്ട് ഭാഗങ്ങൾ

a) കുട്ടികളെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള പ്രവർത്തനം സാമാന്യധാരണയനുസരിച്ച് രണ്ട് തലത്തിൽ ഇതിനെ കാണാം.

1) അടുത്ത അധ്യയന വർഷാരംഭത്തിൽ തന്നെ ഈ കർമ്മ പദ്ധതി നടപ്പാക്കാൻ പര്യാപ്തമാകുമാറ് ഉന്നത ഓഫീസുകൾ സജ്ജമാക്കൽ.

2) അടുത്ത അധ്യയന വർഷാരംഭത്തിൽ തന്നെ വ്യത്യസ്തമായ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കൽ.

b) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിലെ ഇരകൾക്കുള്ള സാഹായവും അവരുടെ പുനരധിവാസവും വാത്സല്യത്തിനു കീഴിൽ പ്രവർത്തിക്കാനും നിരീക്ഷിക്കാനും, റിപ്പോർട്ടു ചെയ്യാനുമായി നിരവധി കാര്യ നിർവ്വഹകരെ തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ല കലക്ടർ അദ്ധ്യക്ഷനായുള്ള സമിതിയുടെ രണ്ട് സമ്മേളനങ്ങളിലൂടെയായിരുന്നു ശിശു സംബന്ധമായ പ്രശ്നങ്ങളിന്മേലുള്ള തീരുമാനങ്ങളെടുത്തതും വാത്സല്യം ഉരുത്തിരിഞ്ഞതും. ജില്ലാ തലത്തിൽ എല്ലാ വിധ മാർഗ്ഗ ദർശനവും നൽകുന്നതും വിവിധ അഭ്യുദയകാംക്ഷികളുടെ ഉപദേശം സ്വീകരിക്കുന്നതും ഈ സംഘത്തിന്റെ പ്രത്യേകതയാണ്.

ജില്ലാ ഭരണകൂടത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സംവിധാനത്തിന്റെ ഭരണ നിർവ്വഹണ സമിതിയിൽ എല്ലാ വകുപ്പുകളിലെയും സംഘടനകളിലെയും പ്രതിനിധികളും മറ്റ് വിശിഷ്ട വ്യക്തികളും ഉൾപ്പെട്ടും. ഈ സമിതി (അനുബന്ധം VIII നോക്കുക) എല്ലാ പ്രാദേശിക സമിതികളിൽ നിന്നും അവരവരുടെ പ്രവർത്തന റിപ്പോർട്ടുകൾ ശേഖരിക്കുകയും ആറുമാസത്തിലൊരിക്കലോ അടിയന്തിര സന്ദർഭങ്ങളിൽ പ്രത്യേകമായോ യോഗം ചേരുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യും. ഒരു വെബ്-ബെയ്സ്ഡ് റിപ്പോർട്ടിംഗ് സൗകര്യം നടപ്പിലാക്കുക വഴി എല്ലാ സ്കൂളുകൾക്കും അവരവരുടെ പ്രവർത്തന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും ഉപദേശ സമിതികളുടെ കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നതിനും അതു പ്രകാരം ഭരണ നിർവ്വഹണ വിഭാഗത്തിന് പുന:പരിശോധനയും നവീകരണവും സമയാസമയത്ത് നടത്തുന്നതിനും കഴിയും.

പ്രാദേശിക ഉപദേശക സമിതി.

ഭരണ സമിതി

| | |
|---|---|
| കാര്യ നിർവ്വഹക സമിതി | റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ തുടർ നടപടിക്ക് എടുക്കുന്ന ഉപസംഘം |

ഈ കർമ്മ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും വകുപ്പുകളും ഏജൻസികളും കാര്യ നിർവ്വാഹക സമിതിയിലുണ്ട്. (അനു ബന്ധം 1 കാണുക)

ഈ കർമ്മ പദ്ധതിയിൽ ചെയ്യാനേല്പിച്ച കാര്യങ്ങൾ ഉത്തരവാദിത്തത്തോടും അധികാരത്തോടും കൂടി ചെയ്യാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും കഴിയുമ്പോൾ 'വാത്സല്യ'ത്തിന്റെ തുടക്കം കുറിക്കപ്പെടും. അതുകൊണ്ട് ഓരോ വകുപ്പിനും നിശ്ചയിക്കപ്പെട്ട പ്രവർത്തനങ്ങൾ നടത്തി അതാതു വകുപ്പ് തന്നെ റിപ്പോർട്ട് കലക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

ഈ കർമ്മപദ്ധതിയുടെ നിർവ്വഹണത്തിന് വകുപ്പദ്ധ്യക്ഷന്മാരിൽ നിക്ഷിപ്തമായ ചുമതലകൾ:

1. 2013 ഏപ്രിൽ 1 ന് പൂർത്തിയാക്കണം.

പരിശീലകരുടെ പരിശീലനവും (TOT) നല്ല പരിശീലകരെ തിരിച്ചറിയലുമാണ് ഈ കാലയളവിലെ മുഖ്യപരിപാടി.

കഴിവുള്ള കൗൺസിലർമാരെ കണ്ടെത്തണം. സാമൂഹ്യക്ഷേമ വകുപ്പ് കൗൺസിലർമാരെ നിയമിക്കാത്ത സ്കൂളുകളിലും അനാഥാലയങ്ങളിലും ഹോസ്റ്റലുകളിലും അവരെ നിയമിക്കണം. തികയാതെ വന്നാൽ ആ വകുപ്പിൽ നിയമിക്കപ്പെട്ട കൗൺസിലർമാർ അതാതു സ്ഥലത്തു തന്നെ സ്ഥിരമായി ക്യാമ്പ് ചെയ്ത് അടുത്ത സ്കൂളുകളുടെയും ഉത്തരവാദിത്തം ഏറ്റെടുക്കണം (സ്വകാര്യ സ്കൂളുകളും ഉൾപ്പെടണം) വിദ്യാഭ്യാസ വകുപ്പ് ഡി.ഡി. തയ്യാറാക്കുന്ന പട്ടിക പ്രകാരം ജില്ല) സാമൂഹ്യക്ഷേമ വകുപ്പദ്ധ്യക്ഷന്റെ നടപടി ക്രമം പാലിച്ച് ഈ കൗൺസിലർമാർ എല്ലാ മാസവും സ്കൂളുകളിൽ റിപ്പോർട്ട് ചെയ്യണം (പ്രവർത്തനം ഡി.എസ്.ഡബ്യു.ഒ., ഡി.ഡി.ഇ)

- എല്ലാ പഞ്ചായത്തുകളിലും പ്രാദേശിക നിരീക്ഷണ സമിതി (LMG) കളുടെ രൂപീകരണം.
- റിപ്പോർട്ട് ചെയ്യപ്പെട്ട ഓരോ കേസിന്റെയും തുടർ നിയമ നടപടികൾക്കും ഇരകളുടെ പുനരധിവാസത്തിനും വേണ്ടി പത്ത് സാമൂഹിക പ്രവർത്തകരോ ഉദ്യോഗസ്ഥരോ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കുക. പ്രാദേശിക സമിതി പീഡന കേസുകൾ കലക്ടറേയോ ചൈൽഡ്‌ലൈനിനോ അറിയിക്കണം. ചൈൽഡ് ലൈൻ ഒരു സംഭവം കലക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അത് ഒരു ഉപസമിതിയെകൊണ്ട് അന്വേഷിപ്പിക്കും.

  (പ്രവർത്തനം: CWC, JJB)
- രക്ഷിതാക്കളുടെയും കുട്ടികളുടെയും ഇടയിൽ വിതരണം ചെയ്യാനുള്ള ലഘുലേഖകളുടെയും പരസ്യങ്ങളുടെയും ബോർഡുകളുടെയും കരട് തയ്യാറാക്കൽ. (പ്രവ: ചൈൽഡ് ലൈൻ, ഡി.എം.ഒ)
- ഓരോ സ്കൂളിൽ നിന്നും കുറഞ്ഞത് 3 അധ്യാപകർക്ക് പരിശീലനം നല്കണം. മൂന്നിൽ രണ്ട് പേർ അധ്യാപികമാരായിരിക്കണം. (എൽ.പി. മുതൽ, അൺഎയിഡഡ് സ്കൂളുകളും ഉൾപ്പെടണം) (പ്രവ: ഡി.ഡി.ഇ, ആർ.ഡി.ഒ)
- മുഖ്യ പരിശീലകരായി ഓരോ പഞ്ചായത്തിൽ നിന്ന് 2 പേരെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കേണ്ട ചുമതല കുടുംബശ്രീ ജില്ല ഓഫീസിനാണ്. (പ്രവ: കുടുംബശ്രീ & പ്രൊബേഷൻ ഓഫീസർ)
- ട്രെയിനർമാരുടെ ഒരു പട്ടിക DLSA, IMA, IAP കൗൺസിലിംഗ് കേന്ദ്രങ്ങൾ, സൈബർസെൽ, CWC, JJB എന്നിവിടങ്ങളിൽ നിന്ന് രൂപീകരിക്കണം. ഏതെങ്കിലും ഏജൻസി TOT പരിശീലനം ആസൂത്രണം ചെയ്യുന്നുണ്ടെങ്കിൽ അവർ അത് അന്തിമ പട്ടിക തയ്യാറാക്കുന്നതിന് മുമ്പ് പൂർത്തിയാക്കണം. പരിശീലനം നേടിയ ഇവർ വ്യത്യസ്ത പരിശീലന ക്യാമ്പുകളിലേക്കും, സ്കൂളുകളിലേക്കും നിയമക്കപ്പെടും. (പ്രവ:സബ്ബ് കലക്ടർ, ശിശു സമിതി, ഡി.എം.ഒ)
- ശിശു രോഗ വിദഗ്ദൻമാരിൽ നിന്നും മനശാസ്ത്രജ്ഞൻമാരിൽ നിന്നും ചൈൽഡ് ലൈനിൽ നിന്നും നിയമ സംബന്ധമായ കാര്യങ്ങളും വിഷയത്തെക്കുറിച്ചുള്ള അറിവും POCSO നടപടികളും സമാഹരിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുക. (പ്രവ: DIO)
- ഇതിന്റെ പ്രചാരണത്തെ സഹായിക്കാൻ കഴിയുന്ന എല്ലാ ക്ലബ്ബുകളേയും കണ്ടെത്തണം. (പ്രവർ: ജില്ല പ്രൊബേഷൻ ഓഫീസർ)
- സ്കൂളുകളുടെയും, അനാഥാലയങ്ങളുടെയും ഗിരിവർഗ്ഗ ഹോസ്റ്റലുകളുടെയും ലിസ്റ്റ് ജില്ല കലക്ടർക്ക്

സമർപ്പിക്കണം. (ചെലവു വഹിക്കുന്ന വ്യക്തി, ക്ലാസ്സ്,സ്ഥലം എന്നിവ അടിസ്ഥാനമാക്കിയത്) (പ്രവർ: ഡി.ഡി.ഇ, ഓർഫനേജ് നിയന്ത്രണ സമിതി)

II 2013 മെയ് 15 ഓടെ ചെയ്ത് തീർക്കേണ്ട കാര്യങ്ങൾ:- മുഴുവൻ പരിശീലന പ്രവർത്തനവും ഈ കാലയളവിൽ പൂർത്തിയാവണം. മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണപരിപാടി ആരംഭിക്കുകയും സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ എല്ലാ രക്ഷിതാക്കളും ഇതിനെക്കുറിച്ച് അറിയുകയും വേണം.

- കൗൺസിലർമാർക്ക് അറിവ് സംവർദ്ധക പരിപാടികൾ (പ്രവർത്തനം: ഡി.എസ്.ഡബ്യു.ഒ ട്രെയിനികൾ)
- അധ്യാപകർക്കും കൗൺസിലർമാർക്കും പരിശീലനം (പ്രവ: വിദ്യാഭ്യാസം, ട്രെയിനർമാർ അനുബന്ധം 2 കാണുക.
- LMG അംഗങ്ങൾക്ക് പരിശീലനം (പ്രവ: ജില്ല പ്രൊബേഷൻ ഓഫീസർ, അനുബന്ധം IV കാണുക)
- തുടർ പ്രവർത്തനങ്ങളെ അടുത്ത് നിന്ന് വീക്ഷിക്കുകയും വേണ്ട പ്രവർത്തന സഹായം നല്കുകയും ചെയ്യുന്ന ഉപ സംഘങ്ങൾ.
- ശിശു സമിതി തയ്യാറാക്കുന്ന വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ കൈപ്പുസ്തകങ്ങളായും പോസ്റ്ററുകളായും NRHM ഫണ്ടുപയോഗിച്ച് എല്ലാ സ്കൂളുകളിലും വിതരണം ചെയ്യൽ.
  (പ്രവ: ശിശു സമിതി NRHM )
- പരിശീലകർ തയ്യാറാക്കുന്ന കൈപുസ്തകങ്ങളുടെ അച്ചടി കൗൺസിലർമാരുടെയും അധ്യാപകരുടെയും സംശയ നിവാരണത്തിന് ഓരോ കോപ്പി ഓരോ സ്കൂളിലുമെത്തിക്കൽ (പ്രവ: ചൈൽഡ് ഹെൽപ് ലൈൻ, NRHM)
- പോലീസ് പരിശീലനം (പ്രവ: DYSP, DCRB, പരിശീലകർ അനുബന്ധം 3 കാണുക)
- മാധ്യമ പ്രവർത്തകർക്ക് പരിശീലനം (പ്രവ: DIO അനുബന്ധം V കാണുക)
- മാധ്യമങ്ങളിൽ ലേഖനങ്ങളും പരസ്യങ്ങളും പ്രസിദ്ധീകരിക്കാനാരംഭിക്കുക. (പ്രവ: DIO)
  വെബ്ബ് പോർട്ടൽ പ്രവർത്തനം ഏറ്റെടുത്ത സ്കൂളിന്റെ പേര്
  (b) LMG യുടെ അഭിപ്രായങ്ങളും കണ്ടെത്തലുകളും

ഇവ പാസ്സ് വേഡ് അടിച്ച് ലോഗിൻ ചെയ്ത് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന വെബ് പോർട്ടൽ തയ്യാറാക്കുന്നത്

- ഭരണ സമിതിക്ക് എല്ലാ റിപ്പോർട്ടുകളും അഭിപ്രായങ്ങളും വീക്ഷിച്ച് വിലയിരുത്തി പ്രസ്താവന നടത്താൻ ഇതിലൂടെ കഴിയും. സ്കൂളുകളിലെ ഐ.ടി. ഉദ്യോഗസ്ഥൻമാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് നേതൃത്വം വഹിക്കണം (പ്രവ: ജില്ല ഇൻഫർമാറ്റിക്സ് ഓഫീസ്, NIC)
- ശിശു സഹായ സമിതിയുടെ ഫോൺ നമ്പരുകൾ എല്ലാ സ്കൂളുകളിലും ബസ്സ് സ്റ്റോപ്പുകളിലും ബസ്റ്റാന്റിലും പൊതു ഗതാഗത സംവിധാനങ്ങളിലും പ്രദർശിപ്പിക്കണം. (പ്രവ: RTO ചൈൽഡ് ഹെൽപ്പ് ലൈൻ)

III <u>2013 ജൂൺ 1 ന് പൂർത്തീകരിക്കേണ്ട കാര്യങ്ങൾ:</u>

സ്കൂൾ തലത്തിൽ ആരംഭിക്കേണ്ട മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കണം. 'വാത്സല്യം' എല്ലാ സ്കൂളിലേക്കുമെത്തിക്കുന്നതിനു മുന്നോടിയായുള്ള പ്രവർത്തനങ്ങളും ചെയ്തിരിക്കണം.

- കൈപ്പുസ്തകങ്ങൾ, സഹായക ഗ്രന്ഥങ്ങൾ, വാർത്താ ബോർഡുകൾ എന്നിവ എല്ലാ സ്കൂളിലും

എത്തിക്കണം (പ്രവ: ചൈൽഡ് ലൈൻ, ഡി.ഡി.ഇ)

- പരിശീലകരുടെ പട്ടിക എല്ലാ സ്കൂളിലും വിതരണം ചെയ്യുക. അവരുടെ ലഭ്യത സ്കൂളുകൾ ഉറപ്പാക്കണം. (പ്രവ: ശി.സ. സമിതി, ഡി.ഡി.ഇ, സ്കൂൾ അധികൃതർ)
- മാധ്യമങ്ങളിൽ തുടർച്ചയായി വാർത്തകൾ നൽകൽ (പ്രവ: ഡി.ഐ.ഒ)

**<u>പൊതു ജന റാലികളും ജില്ല മുഴുവനുമുള്ള പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നതിന്</u>**

വിവിധ സ്കൂളിലെ വിദ്യാർത്ഥി പോലീസ്, എൻ.സി.സി., സ്കൗട്ടുകൾ, ഗൈഡുകൾ.

കോളേജ് വിദ്യാർത്ഥികൾ, യുവാക്കളുടെ ക്ലബ്ബുകൾ, യൂത്ത് വെൽഫയർ ബോർഡ്, പൊതുജനങ്ങൾ എന്നിവരുടെയെല്ലാ സേവനം ഉപയോഗിക്കൽ.

അവർ ലഘുലേഖകൾ വിതരണം ചെയ്യും. ബാഡ്ജുകൾ മുതലായവ ധരിക്കും. ചടങ്ങുകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കും. സർവ്വീസ് സംഘടകളുടെ സഹായത്തോടെ ജില്ലാ തലത്തിൽ ചിത്രരചനാ മത്സരങ്ങളും പോസ്റ്റർ നിർമ്മാണ മത്സരങ്ങളും സംഘടിപ്പിക്കും.

(പ്രവ: യൂത്ത് വെൽഫയർ ബോർഡ്, അസി കലക്ടർ)

IV **<u>സ്കൂൾ തുറക്കുന്ന ദിവസം:</u>**

വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുക്കുന്ന 'വാത്സല്യ' ത്തിന്റെ ജില്ലാ തല ഉദ്ഘാടന പരിപാടി നടത്തും. നല്ലൊരു സന്ദേശത്തോടെ ഈ പരിപാടിയുടെ പരസ്യം എല്ലാ മാധ്യമങ്ങളിലും നൽകും. നന്നായി ശ്രദ്ധിക്കപ്പെടുന്ന ഒരു ബ്രാൻഡ് അംബാസിഡറെക്കൊണ്ട് പരസ്യവും സന്ദേശവും ഏവരിലുമെത്തിക്കും.

(പ്രവ: ജില്ലാ കലക്ടറുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ)

**<u>പ്രാദേശിക തലത്തിൽ വിവിധ കാര്യ നിർവ്വാഹകരുടെ പ്രവർത്തനങ്ങൾ:</u>**

കണ്ണൂർ ജില്ലയിൽ കുട്ടികളെ ദുരുപയോഗം ചെയ്യുന്ന കേസുകൾ തടയാൻ ലക്ഷ്യംവച്ച് നേരിട്ടുള്ളതും തുടർ സ്വഭാവമുള്ളതുമായ എല്ലാ പ്രവർത്തനങ്ങളും ഈ ഭാഗത്താണ് വരുന്നത്. ജനകീയ മുന്നേറ്റം ഇവിടെ അത്യന്താപേക്ഷിതമായതുകൊണ്ട്, എല്ലാ വകുപ്പുകളിലുള്ളവരുടെയും ആജ്ഞാനുസൃതമായ പങ്കാളിത്തവും സ്വമേധയാ ഉള്ള പ്രവർത്തനവും ഉണ്ടായിരിക്കും. സ്കൂളിനകത്തും പുറത്തുമുള്ള ഒരു കൂട്ടം പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം എല്പിച്ചുകൊടുക്കുക വഴി ഓരോ അഭ്യുദയകാംക്ഷിയുടെയും പ്രവർത്തന രംഗം വ്യക്തമായി വേർതിരിക്കപ്പെട്ടിരിക്കുന്നു.

പ്രായപൂർത്തിയായവരേയും കുട്ടികളെയും അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിനുവേണ്ടി ഒന്നിച്ചു കൊണ്ടുവരാൻ കഴിയുന്നത് സ്കൂൾ എന്ന സ്ഥലത്ത് മാത്രമാണ്. അതുകൊണ്ട് പ്രാഥമികമായ എല്ലാ പ്രവർത്തനങ്ങളും സ്കൂളിനെ കേന്ദ്രീകരിച്ചായിരിക്കും.

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി:</u>

എല്ലാ അധ്യയന വർഷവും:

1) എല്ലാ സ്കൂളിലും എല്ലാ അധ്യയന വർഷാരംഭത്തിലും കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപർക്കും വേണ്ടി ഒരു ബോധവത്കരണ ക്ലാസ് നടത്തണം. സ്കൂൾ കൗൺസിലറും, സാമൂഹ്യ പ്രവർത്തകരും DLSA അംഗങ്ങളും AIDS കൺട്രോൾ സൊസൈറ്റിയുടെ അധ്യാപകരും കുടുംബശ്രീക്ക് ക്ലാസ് എടുക്കുന്നവരുമായ ആളുകൾ അതിൽ സംസാരിക്കണം. കമ്പ്യൂട്ടറുകളിലെ നിയന്ത്രിതമായ സൈറ്റുകളിൽ മാത്രം പ്രവേശിക്കുന്നതിന് അനുവദിക്കുന്നത് എങ്ങനെ എന്നുള്ള പരിശീലനവും അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകും. POCSO ആക്ടിനെക്കുറിച്ചും കുട്ടികളെ ദുരുപയോഗം ചെയ്യുന്ന കേസുകൾ പുറത്തുവരുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇത്തരം കാര്യങ്ങൾ മനസ്സ്

തുറന്ന് സംസാരിക്കാൻ പറ്റിയ സൗഹൃദാന്തരീക്ഷം വീട്ടിലും ക്ലാസ് മുറികളിലും സൃഷ്ടിക്കുന്നതിനെപ്പറ്റിയും അവബോധം ഉണ്ടാക്കും. (അനുബന്ധം I,II,III,IV കാണുക.

(പ്രവ: വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ അധികൃതർ)

2) AIDS കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളായ ജീവിത നൈപുണ്യ പരിശീലനം നേതൃത്വ പരിശീലനം എന്നിവ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കണം (പ്രവ: DMO, RRD)

3) സമൂഹത്തിനും വിദ്യാർത്ഥികൾക്കും പ്രയോജനകരമായ വിധത്തിൽ കുട്ടികളുടെ കഴിവും ഊർജ്ജവും വഴിതിരിച്ചുവിടാൻ സ്കൂളുകൾക്ക് കഴിയണം. എല്ലാ സ്കൂളുകളും ഒരു വായനശാലയും വായന മുറിയും നിർമ്മിക്കണം. (വിവിധ ക്ലബ്ബുകളുടെ പിന്തുണയോടെ) കലാ സാഹിത്യ കായിക രംഗങ്ങളിൽ ഇടയ്ക്കിടെ പഞ്ചായത്ത് തല/സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കണം. അതിനായി എല്ലാ സ്കൂളിലും, സർവ്വീസ് ക്ലബ്ബുകൾ വേണം. അവിടെ ശ്രമദാനം നടത്താനും നേതൃത്വം കൊടുക്കാനും സ്കൂൾ ലൈബ്രറി നടത്തണം. പലതരം മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള ചുമതലകൾ എല്ലാ കുട്ടികൾക്കും മാറി മാറി ലഭിക്കണം.

4. നാഷണൽ സർവ്വീസ് സ്കീം എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും വ്യാപിപ്പിക്കണം.
(പ്രവർത്തനം- പ്രധാനാധ്യാപകൻ-N.S.S. Co-ordinator)

5. കായിക പരിശീലനത്തിനുള്ള സമയം അതിനായി മാത്രം ഉപയോഗിക്കുക. കുട്ടികൾക്ക് അത്‌ലറ്റിക്സിലും ഇൻഡോർ ഔട്ട് ഡോർ ഗെയിമുകളിലും താൽപ്പര്യമുണ്ടാക്കാൻ അദ്ധ്യാപകർ ശ്രമിക്കണം. അവരെ പ്രോത്സാഹിപ്പിക്കാൻ എല്ലാ സ്കൂളുകളിലും കായിക മേള നടത്തണം.
(പ്രവർത്തനം, സ്കൂൾ അധികാരികൾ-/ StaFF Monitoring L.M.G)

6. കുട്ടികൾക്ക് ലഘു ലേഖകൾ വിതരണം ചെയ്യുക. വാർത്താ ബോർഡുകൾ സ്കൂളിലെ കണ്ണിൽപ്പെടുന്ന സ്ഥലത്തു തന്നെ പ്രദർശിപ്പിക്കണം.(സ്കൂൾ അധികൃതർ)

7. കുട്ടികളുമായി സ്കൂളിന് പുറത്തുവെച്ച് ഇടപെടുന്ന ജീവനക്കാരെ പ്രത്യേകിച്ച് വാഹന ഡ്രൈവർമാരെ നിയമിക്കുന്നതിൽ സ്കൂൾ അധികാരികളും പിടിഎയും അതീവ ശ്രദ്ധ പുലർത്തണം.

<u>സ്കൂളിന് പുറത്ത്</u>

1. കർമ്മ പദ്ധതിയുടെ തുടക്കം കുറിച്ചുകൊണ്ട് ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, ഇരിട്ടി, മട്ടന്നൂർ എന്നിവിടങ്ങളിൽ വലിയ ക്യാമ്പുകൾ സംഘടിപ്പിക്കണം. അതതു പ്രദേശങ്ങളിലെ സ്കൂളിൽ നിന്നും കുട്ടികളെ തിരഞ്ഞെടുത്ത് സെമിനാറുകൾ നടത്തണം. ഡിഎൽഎസ്എ, ഐഎംഎ, പോലീസ്, ശിശു സഹായ സമിതി എന്നിവയിലെ അംഗങ്ങളുമായി തുറന്ന ചർച്ചകൾ നടത്തണം. ഇത് അദ്ധ്യയന വർഷത്തിലെ ആദ്യമാസം തന്നെ ചെയ്യണം (പ്രവർത്തനം ജില്ലാ പഞ്ചായത്ത്, തഹസിൽദാർ, വിദ്യാഭ്യാസ വകുപ്പ്, ചൈൽഡ് ഹെൽപ്പ് ലൈൻ) (അനുബന്ധം 1)

2. പദ്ധതി തുടങ്ങിയ ശേഷമോ, അതിനു മുമ്പോ അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ രണ്ട് മുഖ്യ ദിനപത്രങ്ങളിലെ വിദ്യാഭ്യാസം, കുട്ടികളുടെ പംക്തി എന്നിവയിലൊന്നിൽ വാരാന്ത്യ ലേഖന പരമ്പരയായി പ്രസിദ്ധീകരിക്കണം.

3. പോലീസും എക്സൈസും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പരിസരങ്ങളിൽ തുടർച്ചയായി റെയ്ഡുകൾ നടത്തുകയും മദ്യം, മയക്കമരുന്ന്, പുകയില മുതലായവയുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ എൽഎംജിയിൽ അറിയിക്കുകയും വേണം.

4. പോലീസും ഗതാഗത വകുപ്പ് അധികാരികളും കുട്ടികളെ കൊണ്ടു പോകുന്ന ബസ്സുകൾ, മറ്റ് വാഹനങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ മുതലായ സ്ഥലങ്ങൾ സൂക്ഷ്മ

നിരീക്ഷണത്തിന്  വിധേയമാക്കുകയും കണ്ട കാര്യങ്ങൾ എൽഎംജിയെ അറിയിക്കുകയും വേണം.

5. ഇന്റർനെറ്റ് കഫേകളും വീഡിയോ ലൈബ്രറികളും  ബുക്ക് സ്റ്റാളുകളും പോലീസ് നിരീക്ഷണം നടത്തി കുട്ടികളിലെ അശ്ലീല ദൃശ്യതാൽപര്യവും അശ്ലീല വായനാ താല്പര്യവും സംബന്ധിച്ച വിവരങ്ങൾ എൽഎംജിക്ക്    കൈമാറുകയും വേണം- 18 വയസ്സിൽ താഴെ പ്രായമുള്ള ഒരാൾക്കും ഇന്റർനെറ്റ് കഫേയിലെ  സ്വകാര്യ ക്യാബിനുകൾ  നൽകുന്നില്ലെന്ന് ഉറപ്പാക്കണം.  അശ്ലീല സൈറ്റുകളിൽ വളരെയധികം ഡാറ്റാ കൈമാറ്റം നടക്കുന്ന ഇന്റർനെറ്റ് കഫേകൾ സൈബർ സെൽ പ്രത്യേകം ശ്രദ്ധിക്കുകയും നിരീക്ഷിക്കുകയും വേണം.

6. മുകളിൽ പറഞ്ഞ മൂന്ന് പ്രവർത്തനങ്ങളിലും  എൻസിസി(NCC) കേഡറ്റുകൾ, വിദ്യാർത്ഥി പോലീസ് കേഡറ്റുകൾ,  സ്കൗട്ടുകളും, ഗൈഡുകളും തുടങ്ങിയവർ ഉൾപ്പെടണം.  അവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സമീപത്തെ  പോലീസ് സ്റ്റേഷനോ, എക്സൈസ് വിഭാഗമോ നൽകേണ്ടതാണ്.

(പ്രവർത്തനം പോലീസ്, എക്സൈസ് ഇൻസ്പെക്ടർ)

7. പഞ്ചായത്ത് ഗ്രാമ സഭകളിൽ, ഇന്നത്തെ പ്രശ്നങ്ങളായ കുട്ടികളെ പീഡിപ്പിക്കൽ മദ്യ ഉപഭോഗം, ലഹരി മരുന്നുകളുടെ  ദുരുപയോഗം തുടങ്ങിയ സാമൂഹ്യ തിന്മകളെക്കുറിച്ച്  സംസാരിക്കാൻ കൗൺസിലർമാരേയും സാമൂഹ്യ പ്രവർത്തരേയും മന:ശാസ്ത്ര വിദഗ്ധരേയും പ്രത്യേക പരിശീലകരേയും ക്ഷണിക്കണം.  6 മാസത്തിൽ ഒരിക്കലെങ്കിലും ഇത് ചെയ്യണം.  പരമാവധി ആളുകളെ ഗ്രാമസഭയിൽ പങ്കെടുപ്പിക്കാനാവശ്യമായ പ്രചാരണം നടത്തണം.  രക്ഷിതാക്കൾ അവരുടെ വീട്ടിലെ കമ്പ്യൂട്ടറുകളിൽ എങ്ങനെയാണ് നിയന്ത്രിതമായ വെബ്സൈറ്റ് സന്ദർശനം നടത്താനാവുന്നതെന്ന് അറിഞ്ഞിരിക്കണം.  വീടുകളിൽ ഒരു സൗഹൃദാന്തരീക്ഷമുണ്ടാകേണ്ടതിന്റെ പ്രാധാന്യവും POCSO ആക്ടിനെക്കുറിച്ചും മറ്റും തുറന്ന് സംസാരിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുകയും വേണം.

(പ്രവർത്തനം മുനിസിപ്പാലിറ്റി, പഞ്ചായത്ത് അധികാരികൾ)

8. എൻഎൻഎസ് യൂണിറ്റുകൾ, MSW കാർ എന്നിവർ  ഓരോ പഞ്ചായത്തിനേയോ ഏതാനും വാർഡുകളേയോ ഈ സന്ദേശം  വീടു വീടാന്തരമെത്തിക്കാനായി ദത്തെടുക്കുക. (എൻഎസ് എസ് കോ-ഓർഡി, നെഹ്റു യുവകേന്ദ്രം)

9. പോസ്റ്ററുകളും ബാനറുകളും പഞ്ചായത്തുകളിലും വില്ലേജ് ഓഫീസുകളിലും ചന്ത സ്ഥലത്തും എന്നു വേണ്ട പൊതുജനം കൂടുന്നിടത്തെല്ലാം പ്രദർശിപ്പിക്കുക(പ്രവർത്തന ക്ലബ്ബുകളും സ്പോൺസർമാരും)

(ഓരോ പഞ്ചായത്തിലും ഒരു പ്രാദേശിക  ഉപദേശക സമിതി(എൽഎംജി) എന്ന പേരിലൊരു കമ്മിറ്റി അവിടുത്തെ എല്ലാ പ്രവർത്തനങ്ങളുടേയും മേൽനോട്ടം വഹിക്കും.

## പ്രാദേശിക നിരീക്ഷണ സമിതി(എൽഎംജി)

എല്ലാ പഞ്ചായത്തുകളിലും ചുവടെ ചേർക്കുന്ന അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കപ്പെടും.

*എസ്.ഐ, ഒരു ജിഎസ് ഐ അല്ലെങ്കിൽ എ.എസ് .ഐയെ ഓരോ പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെ പരമാധികാര പ്രദേശത്തേക്ക് നിയമിക്കും.

*കുടുംബശ്രീ മാസ്റ്റർ ട്രെയിനർമാർ

- *ഐസിഡിഎസ് സൂപ്പർവൈസർമാർ

*ജെപിഎച്ച്എൻ

*പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും പിടിഎ പ്രസിഡന്റുമാർ

* ഗിരിവർഗ്ഗ പ്രദേശങ്ങളുണ്ടെങ്കിൽ അവിടുത്തെ പട്ടിക വർഗ്ഗ വികസന ഓഫീസർമാർ

ഈ അംഗങ്ങൾ നേരെവണ്ണം പരിശീലിപ്പിക്കപ്പെടണം

ഈ ഗ്രൂപ്പ് സ്കൂൾ  അധികൃതരുമായി നിരന്തര സമ്പർക്കത്തിൽ  ആയിരിക്കുകയും മാസത്തിലൊരിക്കൽ സമ്മേളിച്ച് അവലോകനം നടത്തുകയും വേണം.

**പ്രാദേശിക ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ**

1. ഈ ഗ്രൂപ്പിന് സ്കൂളിൽ പ്രവർത്തന രേഖയിൽ പറഞ്ഞതിനുപരിയായി എന്തെങ്കിലും പ്രവർത്തനം നടത്തണമെങ്കിൽ നടത്താം.

2. മാസത്തിലൊരിക്കൽ സമ്മേളിച്ച്(ഒന്നിച്ചോ ഓരോ സ്കൂളിനും വേണ്ടി ഒറ്റയ്ക്കോ) പോലീസിന്റേയും കൗൺസിലർമാരുടേയും എക്സൈസ് വകുപ്പിന്റേയും സ്കൂൾ അധികൃതരുടേയും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാം.

3. അവർക്ക് പോലീസുകാരോടും എക്സൈസുകാരോടും എത്ര റെയ്ഡുകൾ നടത്തണമെന്നും കൗൺസിലർമാർ എത്ര കൗൺസിലിംഗ് നടത്തണമെന്നും നിർദ്ദേശിക്കാം. അവർക്ക് സ്കൂൾ അധികൃതരുടെ പ്രവർത്തന റിപ്പോർട്ട് ആവശ്യപ്പെടാം.

**ഗ്രൂപ്പിൽ ചർച്ചകൾ നടത്തുക.**

4. ആ പ്രദേശത്തെ കുട്ടികളെ സംബന്ധിച്ച പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ ജില്ലാ കലക്ടർക്ക് റിപ്പോർട്ട് ചെയ്യണം. ഒപ്പം ചൈൽഡ് ലൈൻ(Childline) ന് മാർക്ക് ചെയ്ത കോപ്പി ഉൾപ്പെടുത്തണം.

5. സ്കൂൾ കൗൺസിലറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൽ എം.ജിക്ക് കുടുംബ കൗൺസിലർമാരുടേയും (കുടുംബത്തിലെ കുഴപ്പക്കാരായ കുട്ടികളുടെ പ്രശ്നത്തിൽ) പ്രതീക്ഷ ലഹരി ആസക്തിമുക്ത കേന്ദ്രത്തിലെ കൗൺസിലർമാരുടേയും സഹായമഭ്യർത്ഥിക്കാം. അതുവഴി പ്രശ്നത്തെ അതിന്റെ വിവധ തലങ്ങളിൽ സമീപിക്കാനാവുന്നു. കൂടുതൽ സഹായമാവശ്യമായ കുട്ടികളുടെ കാര്യത്തിൽ എൽഎംജി മന:ശ്ശാസ്ത്രജ്ഞരുടേയോ ശിശുരോഗ വിദഗ്ദരുടേയോ സഹായമഭ്യർത്ഥിക്കണം.

6.എല്ലാ സ്കൂളുകളും പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന ഹോസ്റ്റലുകളും അനാഥാലയങ്ങളും ഇടയ്ക്കിടെ പരിശോധിക്കുകയും റിപ്പോർട്ട് ചെയ്യുകയും വേണം.

7.ബാനറുകളിലൂടെയും ലഘുലേഖകളിലൂടെയും സന്ദേശങ്ങൾ എല്ലായിടത്തും വ്യാപിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.

8.സ്കൂൾ കേന്ദ്രീകരിച്ച് പ്രവർത്തനത്തിനും പരിശീലനത്തിനും പ്രാദേശിക ധനസമാഹരണം നടത്തണം.

**ഇരകൾക്കുള്ള സഹായവും അവരുടെ പുനരധിവാസവും**

ഇരകളാക്കപ്പെട്ട എല്ലാവരുടേയും കാര്യത്തിൽ ഒരേ പദ്ധതിതന്നെ പുനരധിവാസത്തിന് ഒരാൾക്ക് നിർദ്ദേശിക്കാനാവില്ല. അതുകൊണ്ട് 10 സാമൂഹ്യപ്രവർത്തകരടങ്ങുന്ന ഒരു സംഘം രൂപീകരിച്ച് പുനരധിവാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ ശുപാർശ ചെയ്യാൻ നിയോഗിക്കാം. ചൈൽഡ് ലൈനും ജില്ലാ പ്രൊബേഷൻ ഓഫീസറും ഒരു കേസ്സും വിട്ടുപോയിട്ടില്ല എന്നുറപ്പു വരുത്തണം.

**പ്രവർത്തനങ്ങൾ ചുമതലകൾ**

1. എൽഎംജിയിൽ നിന്നു കിട്ടുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജില്ലാ കലക്ടർ സാമൂഹ്യപ്രവർത്തകരുടെ സംഘത്തിൽ നിന്നും ഒന്നോ രണ്ടോ പേരെ തുടർ പ്രവർത്തന ജോലി ഏൽപ്പിക്കുന്നു.

2. അവർ പോലീസുമായും സിഡബ്ല്യൂസി, കുട്ടികളുടെ കുടുംബം, ആവശ്യമായ മറ്റ് ഏജൻസി എന്നിവരുമായി ബന്ധപ്പെട്ട് പ്രവർത്തനം വേഗത്തിൽ നടത്തണം. ഏതെങ്കിലും വിധത്തിൽ ഇടപെടലുകളോ കാലവിളംബമോ തെറ്റുകളോ സംഭവിച്ചാൽ അവർ അത് കലക്ടറേയും ചൈൽഡ് ലൈനിനേയും അറിയിക്കണം.

3. പീഡിപ്പിക്കപ്പെട്ട കുട്ടിയുടെ ആവശ്യങ്ങൾ കേസ്സുണ്ടാകുന്നതിന് മുമ്പും ഉണ്ടായ കാലത്തും അതിന് ശേഷവും പരിശോധനകളും അനുയോജ്യമായ നടപടികളും ആരംഭിക്കുകയും ചെയ്യും.

4. ഓരോ കുട്ടിയുടേയും പുനരധിവാസത്തിനുള്ള ആവശ്യങ്ങളും മറ്റും കണ്ടുപിടിക്കുകയും അതിൽ ഒട്ടും മാറ്റം വരുത്താതെ തയ്യാറാക്കിയ റിപ്പോർട്ട് കലക്ടർക്കും ചൈൽഡ് ലൈനിനും സമർപ്പിക്കുക അവർക്കതിന് വിദഗ്ദരായ ആളുകളുടെ സഹായം തേടാം. പുനരധിവാസ നടപടികൾ കുട്ടികളുടെ തുടർ പഠനം കൂടി ഉൾപ്പെടുത്തിയതും കൗൺസിലിങ്ങിലൂടെ മാനസിക പീഢനം കുറയാൻ സഹായിക്കുന്നതും വിനോദവും മറ്റ് താൽപ്പര്യവും ഗുണാത്മകമായി വളർത്തി കുട്ടിയുടേയും രക്ഷാകർത്താക്കളുടേയും മാനസിക ചികിത്സയിലൂടെ സമൂഹത്തിലും കുടുംബത്തിലും ജീവിതം നയിക്കാൻ സഹായിക്കുന്നതുമാകണം. (ചൈൽഡ് ലൈൻ ഇവരെ തുടർച്ചയായി നിരീക്ഷിക്കേണ്ടതാണ്)

## <u>വാത്സല്യത്തിന്റെ ധനാവശ്യങ്ങൾ</u>

ലഘുലേഖകൾ, പോസ്റ്ററുകൾ, ചുവർ ചിത്രങ്ങൾ തുടങ്ങിയവയ്ക്കും പരിശീലകർക്കും കൊടുക്കുന്നതിനും പണമാവശ്യമുണ്ട്.

എൻആർ എച്ച് എം-ന്റെ തുക തുടക്കത്തിൽ ഉപയോഗപ്പെടുത്താം.

* വിവിധ സ്ഥലങ്ങളിലെ ക്യാമ്പുകൾക്കും പരിശീലന പരിപാടികൾക്കും തയ്യാറെടുക്കാനുള്ള പണം അതാതു പഞ്ചായത്തുകൾ / പ്രാദേശിക ഘടകങ്ങൾ വഹിക്കേണ്ടതാണ്.

* സാമൂഹ്യ ക്ഷേമ വകുപ്പ് സെക്രട്ടറിക്ക് ജില്ലാ കലക്ടർ കത്തെഴുതി ഐസിപിഎസ് ഫണ്ട് ഈ ഉദ്ദേശ്യത്തിന് ചെലവഴിച്ച് പാസാക്കാനാവശ്യപ്പെട്ടു.

* അധികം വേണ്ട തുക പൗര സംഘടനകളിൽ നിന്നും ക്ലബ്ബുകളിൽ നിന്നും മറ്റും സമാഹരിക്കണം. എൽഎംജിഎസ് വേണം ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ.

* ഗവൺമെന്റിതര തുകകൾ കർമ്മ പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിൽ നൽകുന്നവർ തന്നെ നേരിട്ട് ചെലവഴിക്കേണ്ടതാണ്.

* ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് കലക്ടറുടെ അംഗീകാരം വേണം.

* ഫണ്ടുകളുടെ ഓഡിറ്റിങ്ങ് ചാർട്ടേഡ് അക്കൗണ്ടന്റുമാരാണ് നിർവ്വഹിക്കുന്നത്.

## <u>ചുരുക്കത്തിൽ</u>

'വാത്സല്യം' ഒരു കുട്ടി സമൂഹത്തിൽ നേരിടുന്ന മുഴുവൻ പ്രശ്നങ്ങൾക്കും ഒരു പരിഹാരമല്ല, ഒരു സാധാരണ ജിവിതം സമൂഹത്തിൽ നയിക്കുന്നതിന് ഒരു കുട്ടിയെ സഹായിക്കുന്നതിനുള്ള സത്യസന്ധമായ ഒരു പരിശ്രമമാണ്. അവന്/അവൾക്ക് സുരക്ഷിത ജീവിതമെന്ന തോന്നൽ ഉണ്ടാക്കുക, അതുവഴി നല്ലൊരു മനുഷ്യജീവിയായി വികസിക്കാൻ മതിയായ അവസരങ്ങൾ ഒരുക്കിക്കൊടുക്കുക. ഇതൊരു അതിമോഹ ചിന്തയല്ല. പക്ഷേ നമ്മുടെ കുട്ടികളോടുള്ള മുഴുവൻ ഉത്തരവാദിത്തങ്ങളുടേയും അകത്തെത്തുകയാണ്. ജുവെനെൽ ജസ്റ്റീസ് ആക്ട്, വിദ്യാഭ്യാസാവകാശ നിയമം തുടങ്ങിയ അനേകം നിയമ നിർമ്മാണങ്ങളുടെ പ്രയോജനം കുട്ടിക്ക് പൂർണ്ണമായി കുട്ടിയിലേക്കെത്തിക്കാനുള്ള ഒരു സംരംഭമാണ്.

പുഞ്ചിരിയുടേയും സ്നേഹത്തിന്റേയും പ്രതീക്ഷയുടേയും ദിവസങ്ങളിലേക്ക് ഉണരാൻ കണ്ണൂർ ജില്ലയുടെ ഒരെളിയ പരിശ്രമമാണിത്.

ടാഗോർ ഒരിക്കൽ പറഞ്ഞു:-

'മനുഷ്യ വംശത്തെ പ്രതി ഈശ്വരൻ നിരാശനല്ല എന്നതിനു തെളിവാണ് ജനിച്ചു വീഴുന്ന ഓരോ കുഞ്ഞും'

ഇതു മനസ്സിലുറപ്പിച്ചു കൊണ്ട് നമുക്ക് നമ്മുടെ ഭാഗം നന്നായി ചെയ്യാം

നമ്മൾ നമ്മുടെ കുട്ടികൾക്ക് സന്തോഷമുള്ള ശൈശവം നൽകാൻ കടപ്പെട്ടിരിക്കുന്നു.
അവർക്ക് ജീവിക്കാൻ മെച്ചപ്പെട്ടൊരു ലോകം സമ്മാനിക്കാൻ നമുക്ക് കടമയുണ്ട്.
ചിരിക്കുകയും കളിക്കുകയും ജയിക്കുകയും അവരുടെ അവകാശമാണ്; നമ്മുടെ ഔദാര്യമല്ല.

ഈ വിനീതമായ ചുവടുവയ്പിലൂടെ നമുക്ക് നമ്മുടെ ശൈശവങ്ങളെ നവീകരിക്കാനുള്ള പരിശ്രമങ്ങളാരംഭിക്കാം......

## അനുബന്ധങ്ങൾ

അനുബന്ധം 1

കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള സ്കൂൾ തല യോഗങ്ങൾ

| | | |
|---|---|---|
| കുട്ടികളുടെ അവകാശങ്ങൾ POCSO Act – ൽ ഉൾപ്പെടുന്ന കാര്യങ്ങൾ | *കുട്ടികളുടെ അവകാശങ്ങൾ ആമുഖം<br>*മൗലികമായ നാല് തരം ശൈശവാവകാശങ്ങൾ<br>*ജില്ലയിലെ സുരക്ഷിതത്വ പ്രശ്നങ്ങൾ<br>*POCSO Act ന്റെ കീഴിൽ വരുന്ന ശിക്ഷാർഹമായ കുറ്റ കൃത്യങ്ങളെപ്പറ്റി<br>*ലൈംഗിക കൈയ്യേറ്റം, ലൈംഗിക പീഢനം, അശ്ലീല ചിത്രങ്ങൾക്കു വേണ്ടി കുട്ടികളെ ഉപയോഗിക്കൽ<br>*കുറ്റം ചെയ്യാൻ പേരിപ്പിക്കൽ, ശ്രമം, കുട്ടിയ്ക്കെതിരെയുള്ള തെറ്റായ പരാതി എന്നീ ശിക്ഷാർഹമായ കുറ്റങ്ങൾ | DLSA അംഗം |
| ആത്മവിശ്വാസവും വ്യക്തി ബന്ധങ്ങളിലെ സംതുലനവും കുട്ടികളിൽ രൂപപ്പെടാൻ സഹായിക്കൽ | *നേതൃത്വ പാടവം<br>*മുൻകൈ എടുക്കൽ<br>*സാമൂഹിക ഉത്തരവാദിത്തങ്ങൾ<br>*ആത്മവിശ്വാസം<br>*സാഹചര്യത്തിനനുസരിച്ച് പ്രതികരിക്കാനുള്ള ധൈര്യം<br>*തീരുമാനമെടുക്കൽ<br>*അനുയോജ്യമായ ശരീരഭാഷ ഉപയോഗിക്കൽ<br>*വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളും ക്ലാസ്സു മുറിക്കകത്തും പുറത്തും ഉള്ള ആശയ വിനിമയവും | 1. അനുഭവ സമ്പന്നനായ മന:ശാസ്ത്രജ്ഞൻ<br>2. കുടുംബശ്രീ യുടെ മുഖ്യ പരിശീലകൻ |
| സ്വയം പ്രതിരോധ സാങ്കേതങ്ങൾ | *ആരോഗ്യകരമായ സ്പർശനത്തെക്കുറിച്ച് കുട്ടികളിൽ അറിവ് പകരൽ | ശിശു രോഗ വിദഗ്ദൻ സ്കൂൾ കൗൺസിലർ |

3. ഈ മൊഡ്യൂളുകളിൽ  വിദഗ്ധന്മാരുടെയും പൊതു ജനത്തിന്റെയും പരമാവധി കൂട്ടിച്ചേർക്കലുകൾ പ്രതീക്ഷിക്കുന്നു.

| | | |
|---|---|---|
| | തെറ്റായ സ്പർശം<br>*കുട്ടികൾക്ക് സ്വന്തം ഉടമസ്ഥാവകാശം നൽകുക<br>*ഉചിതമായ ഭാഷ ഉപയോഗിക്കുക<br>*സംഭാഷണം എളുപ്പവും ലളിതവുമാക്കുക<br>*സുരക്ഷിത സ്പർശം എന്തെന്ന് വിശദീകരിക്കുക<br>*' അരുത്'  എന്നു പറയാൻ പ്രാപ്തരാക്കുക<br>*പരിശീലനവും നാടകാഭിനയവും | |
| ഇന്റർനെറ്റിന്റെയും സാങ്കേതികവിദ്യയുടെയും ഉത്തരവാദിത്വമുള്ള ഉപയോഗം | * IT ആക്ടിൽ നിർവ്വചിക്കപ്പെട്ട സൈബർ കുറ്റകൃത്യങ്ങൾ<br>*സുരക്ഷിതത്വത്തിനുള്ള സാങ്കേതിക വിദ്യ<br>*സാങ്കേതികത ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യൽ<br>*രക്ഷിതാക്കളേക്കാൾ കുട്ടികൾ ഇന്ന് കൂടുതൽ സാങ്കേതിക വിദ്യയുടെ ഫലങ്ങൾ അനുഭവിക്കുന്നു. അതുകൊണ്ട് പരിശീലനം ഈ വിടവ് നികത്തുന്നത് കേന്ദ്രീകരിച്ചാവണം. | സൈബർ സെൽ |
| ജീവിത നൈപുണികൾ | *തീരുമാനമെടുക്കൽ<br>*പ്രശ്നം പരിഹരിക്കൽ<br>*വികാരങ്ങളെയും പിരിമുറുക്കത്തെയും കൈകാര്യം ചെയ്യൽ<br>*ആശയ വിനിമയ വൈദഗ്ധ്യവും വ്യക്തിബന്ധന നിപുണതയും<br>*സർഗാത്മക ചിന്ത<br>*ആത്മ ബോധവും പരഹൃദയജ്ഞാനം മുതലായവ | മന:ശാസ്ത്രജ്ഞൻ മനോരോഗ വിദഗ്ധൻ |

| | | |
|---|---|---|
| രക്ഷാകർതൃത്വ നിപുണത | (രക്ഷിതാക്കൾക്ക് മാത്രം)<br>*കുട്ടികളുടെ പെരുമാറ്റത്തിലെ മാറ്റങ്ങൾ തിരിച്ചറിയൽ<br>*നിരാശയിലാണ്ട കുട്ടിയെ മനസ്സിലാക്കലും സഹായിക്കലും<br>*കുടുംബങ്ങളിലെ ലൈംഗിക വിദ്യാഭ്യാസം<br>*വ്രണിത ഹൃദയരായ കുട്ടികൾ<br>*അനുകൂലമായ കുടുംബാന്തരീക്ഷം<br>*അത്തരം കേസുകൾ എങ്ങനെ കൈകാര്യം ചെയ്യണം?<br>*കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെപ്പററിയും ബന്ധങ്ങളെപ്പററിയുമുള്ള അടിസ്ഥാന പാഠങ്ങളെങ്ങനെ വീട്ടിൽ വച്ച്പകർന്നു കൊടുക്കും?<br>*ദുരുപയോഗത്തിന്റെ ലക്ഷണങ്ങളും, മദ്യപാനം/മയക്കമരുന്ന് ഉപയോഗം<br>*കുട്ടികളുടെ സംശയ നിവാരണം എങ്ങനെ നടത്തണം?<br>*കുട്ടികളുടെ മുമ്പിൽ രക്ഷിതാക്കൾക്ക് എന്തൊക്കെ പറയാനും ചെയ്യാനും കഴിയും?<br>*കുട്ടികളോട് എന്ത് പറയണം? | |

## <u>അനുബന്ധം II</u>

## <u>അധ്യാപകർക്കും കൗൺസിലർമാർക്കും</u>

| | | |
|---|---|---|
| കുട്ടികളുടെ അവകാശങ്ങൾ | *കുട്ടികളുടെ അവകാശങ്ങൾ ആമുഖം<br>*മൗലികമായ നാല് കൂട്ടം ശൈശവാവകാശങ്ങൾ – അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം<br>*സംരക്ഷണ സംബന്ധമായ ജില്ലയിലെ പ്രശ്നങ്ങൾ<br>*POCSO Act ന്റെ കീഴിൽ വരുന്ന ശിക്ഷാർഹമായ കുറ്റ കൃത്യങ്ങളെപ്പറ്റി<br>*ലൈംഗിക കൈയ്യേറ്റം, ലൈംഗിക | 1. ചൈൽഡ്‌ലൈൻ കോ-ഓഡിനേറ്റർ<br>2. JJB/CWC അംഗങ്ങൾ<br>3. ജില്ലാ പ്രൊബേഷൻ ഓഫീസർ. |

| | | |
|---|---|---|
| | പീഢനം, അശ്ലീല ചിത്രങ്ങൾക്കു വേണ്ടി കുട്ടികളെ ഉപയോഗിക്കൽ *കുറ്റം ചെയ്യാൻ പേരിപ്പിക്കൽ, പരിശ്രമം, കുട്ടിയ്ക്കെതിരെയുള്ള തെറ്റായ പരാതി തുടങ്ങിയവ ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാണ് | |

| | | |
|---|---|---|
| ശിശു മനഃശ്ശാസ്ത്രം | • വളർച്ചാ മനഃശ്ശാസ്ത്രം<br>• എന്തുകൊണ്ടാണ് കുട്ടികൾ കൂടുതൽ വ്രണിത ഹൃദയരാകുന്നത്<br>• കുട്ടികളുമായി എങ്ങിനെ സംവദിക്കണം (ഭാഷ, മനോഭാവം മുതലായവ) മാതാപിതാക്കളുടെ പരിപാലനം<br>• പ്രശ്നമുള്ള കുട്ടികളെ എങ്ങിനെ സഹായിക്കുകയും പിൻതാങ്ങുകയും ചെയ്യും | അനുഭവസമ്പന്നരായ മനഃശ്ശാസ്ത്ര മനോരോഗ വിദഗ്ദ്ധന് ഒരു കുട്ടിയുടെ മനഃശ്ശാസ്ത്രപരമായ വികാസത്തെ പ്രായോഗിക വിജ്ഞാനത്തിന്റെ കണ്ണിലൂടെ കാണാൻ കഴിയും |
| തന്നെക്കുറിച്ചു തന്നെയുള്ള മതിപ്പു വളർത്താനും മറ്റുള്ളവരുമായുള്ള ബന്ധങ്ങളെ സ്വന്ത നിയന്ത്രണത്തിൽ നിറുത്താനും കുട്ടികളെ പരിശീലിപ്പിക്കൽ | • നേതൃത്വ പാടവം<br>• മുൻകൈയെടുക്കൽ<br>• സാമൂഹിക ഉത്തരവാദിത്തങ്ങൾ<br>• ആത്മവിശ്വാസം<br>• സാഹചര്യങ്ങളോട് പ്രതികരിക്കാനുള്ള ധൈര്യം<br>• തീരുമാനമെടുക്കൽ<br>• അനുയോജ്യമായ ശരീരഭാഷയുടെ ഉപയോഗം<br>• വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളും ക്ലാസ്സു മുറിക്കകത്തും പുറത്തുമുള്ള ആശയവിനിമയങ്ങളും | 1. അനുഭവ സമ്പന്നരായ മനഃശ്ശാസ്ത്രജ്ഞർ<br>2. വ്യക്തിത്വ പരിശീലകർ |
| സ്വയം പ്രതിരോധ സങ്കേതങ്ങൾ | • ദുരുദ്ദേശത്തോടെയുള്ള സ്പർശവും സ്വാഭാവിക സ്പർശവും തിരിച്ചറിയാൻ കുട്ടികളെ പഠിപ്പിക്കൽ<br>• ഉടമസ്ഥത കുട്ടിക്കു നൽകുക<br>• അനുയോജ്യമായ ഭാഷ ഉപയോഗിക്കൽ<br>• ലളിതവും അനായാസവുമായി സംസാരിക്കുക | 1. അനുഭവ സമ്പന്നനായ മനഃശ്ശാസ്ത്രജ്ഞൻ/ മനോരോഗ വിദഗ്ദ്ധൻ |

| | | |
|---|---|---|
| | • സുരക്ഷിതമായ സ്പർശമെന്താണെന്ന് വിശദീകരിക്കുക<br>• അരുത് എന്നു പറയാൻ അവരെ പ്രാപ്തരാക്കുക<br>• പരിശീലനം അല്ലെങ്കിൽ നാടകാഭിനയം | |
| ലൈംഗിക ദുരുപയോഗം ചെയ്യപ്പെട്ട കുട്ടികൾ പ്രതിരോധം ചികിൽസയേക്കാൾ മെച്ചം | • കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നത് (മിത്തും യാഥാർത്ഥ്യങ്ങളും)<br>• ഇന്നത്തെ സ്ഥിതി വ്യവസ്ഥയിലെ വിടവുകളും CSA പ്രതിരോധ തന്ത്രങ്ങളും<br>• അയൽപക്കത്തു നിന്നുള്ള ഉദാഹരണങ്ങൾ നൽകുക<br>• നിയമപരമായ വശങ്ങൾ – POCSO ആക്ട്<br>• ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെട്ട കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ | • ചൈൽഡ് ലൈൻ<br>• എൻ.ജി.ഒ.കൾ<br>• പോലീസ്<br>• ഐ.എം.എ. |
| ലക്ഷണങ്ങൾ | ലൈംഗിക ദുരുപയോഗത്തിനും, മയക്കുമരുന്നിനും മദ്യത്തിനും ഇരയായ കുട്ടികളെ തിരിച്ചറിയാൻ യോഗത്തിൽ പങ്കെടുക്കുന്നവരെ സഹായിക്കുകയാണ് ലക്ഷ്യം | 1. മനഃശ്ശാസ്ത്രജ്ഞൻ<br>2. ശിശുരോഗ വിദഗ്ധൻ |
| അതുപോലുള്ള കേസുകൾ കൈകാര്യം ചെയ്യൽ | അപ്രകാരമൊരു സംഭവം നമ്മുടെ അറിവിൽപ്പെട്ടാൽ എന്താണ് ചെയ്യേണ്ടത്? കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യും ? എങ്ങിനെ റിപ്പോർട്ട് ചെയ്യും? നിയമനടപടികൾ എങ്ങിനെ സ്വീകരിക്കും? | 1. CWC<br>2. പോലീസ്<br>3. ചൈൽഡ് ലൈൻ<br>4. DLSA |
| മെച്ചപ്പെട്ട കൗൺസിലിംഗ് സങ്കേതങ്ങൾ | (സ്കൂൾ കൗൺസിലർമാർക്ക്)<br>• കൗൺസിലിംഗ് നൈപുണ്യം മിനുക്കിയെടുക്കൽ<br>• കുട്ടിയുമായി ഇടപെടുന്നത്<br>• പ്രതിസന്ധി ഘട്ടം കൈകാര്യം ചെയ്യൽ കുട്ടികളിൽ | 1. അനുഭവ പരിചയത്തോടെ, വിദഗ്ധരായ കൗൺസിലർമാർ<br>2. മനഃശ്ശാസ്ത്രജ്ഞർ |

**<u>അനുബന്ധം III</u>**

**<u>പോലീസിന്</u>**

| | | |
|---|---|---|
| നിയമപരമായ അറിവ് | • ശിശുനിയമത്തിലെ വകുപ്പുകൾ<br>• കുറ്റാന്വേഷണത്തിലും ശബ്ദാലേഖനത്തിലും റിപ്പോർട്ട് ചെയ്യലിലും ശിശുസൗഹൃദമായ നടപടിക്രമങ്ങൾ എസ്– 19,24,25,26,27<br>• CWC ക്ക് റിപ്പോർട്ട് ചെയ്യൽ | ശിശു നിയമത്തിലെ വിദഗ്ദ്ധർ |
| കുട്ടികൾ ഉൾപ്പെട്ട കേസുകൾ എങ്ങിനെ കൈകാര്യം ചെയ്യണം | അന്വേഷണ സമയത്ത് കുട്ടികളെ എങ്ങിനെ സമീപിക്കണം. ദുരുപയോഗത്തിനു ശേഷമുള്ള കുട്ടികളെ എങ്ങിനെ സമീപിക്കും | 1. സി.ഡബ്ല്യൂ.സി.<br>2. ശിശു മനശ്ശാസ്ത്രത്തിലും നിയമത്തിലും നിപുണർ |
| ഒരു ചുവട് മുന്നിൽ | അങ്ങിനെയുള്ള കുട്ടികളുടെ പുനരധിവാസത്തിനുള്ള സഹായം, കുടുംബം തന്നെ കുറ്റവാളി യാകുമ്പോഴുള്ള പരിഹാര മാർഗ്ഗങ്ങൾ. സി.ഡബ്ല്യൂ.സി.യെയും ചൈൽഡ് ലൈനിനേയും ഏകോപിപ്പിക്കൽ | 1. ജില്ലാ പ്രൊബേഷൻ ഓഫീസർ<br>2. ചൈൽഡ് ലൈൻ |

**<u>അനുബന്ധം IV</u>**

<u>അധ്യാപകരും കൗൺസിലർമാർമാരും ചെയ്യേണ്ടത്</u>

(അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് ഇത് മുഴുവൻ അധ്യാപകർക്കും കൗൺസിലർമാർക്കും നൽകണം)

1. കൗൺസിലർമാർ അവർ സന്ദർശിക്കുന്ന സ്കൂളുകളിൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ചെല്ലുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
2. അധ്യാപകരും കുട്ടികളുമായി ക്രമമായി ഇടപെട്ട് എല്ലാ കുട്ടികളുടെയും പശ്ചാത്തലം മനസ്സിലാക്കാൻ കൗൺസിലർ പരിശ്രമിക്കണം. പ്രശ്നങ്ങളുള്ളവരെ തിരിച്ചറിഞ്ഞ് അവരുമായി ഇടയ്ക്കിടക്ക് ഇടപെട്ട് പ്രവർത്തിക്കണം. ഒപ്പം മദ്യത്തിന്റേയോ മയക്കുമരുന്നിന്റേയോ ഉപയോഗമുണ്ടോ എന്ന് പരിശോധിക്കണം.
3. കൗൺസിലർ തന്നോട് വെളിപ്പെടുത്തപ്പെട്ട കേസ് ശരിയായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം.
4. തകർന്ന കുടുംബങ്ങളുടെ പ്രശ്നങ്ങളേയും കൗൺസിലർ കൈകാര്യം ചെയ്യണം. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ദുരുപയോഗം മൂലം തകരുന്ന ഇത്തരം കുടുംബങ്ങളിലെ കുട്ടികളും പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇവിടെ രക്ഷിതാക്കളുമായാണ് ഇടപെട്ട് പ്രവർത്തിക്കേണ്ടത്. എന്നാൽ പ്രശ്നം വേണ്ട പോലെ നേരിടാൻ കഴിയുന്നില്ലെങ്കിൽ, അത് എൽ.എം.ജി.ക്ക് കൈമാറണം.
5. കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ എഴുതി രഹസ്യമായി ഒരു പെട്ടിയിൽ നിക്ഷേപിക്കാനോ, കൈമാറാനോ ഉള്ള അവസരം നൽകണം.

6. അച്ഛന്റെയോ അമ്മയുടേയോ ഒരാളുടെ മാത്രം കൂടെ താമസിക്കുന്ന കുട്ടികൾ, തകർന്ന കുടുംബങ്ങളിലെ കുട്ടികൾ, ശാരീരിക വൈകല്യങ്ങൾ നേരിടുന്ന കുട്ടികൾ, രണ്ടാനച്ഛന്റെയോ, അമ്മയുടേയോ കൂടെ താമസിക്കുന്നവർ എന്നിവർക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം.
7. തുടർച്ചയായി ക്ലാസ്സിൽ വരാതിരിക്കൽ, ഏകാഗ്രത കുറയൽ, പഠനകാര്യങ്ങളിൽ താൽപര്യം കുറയൽ, അക്രമം, മറ്റ് പെരുമാറ്റ ദൂഷ്യങ്ങൾ തുടങ്ങിയവ ഉള്ള കുട്ടികൾ നന്നായി ശ്രദ്ധിക്കപ്പെടണം.
8. സ്കൂൾ പരിസരത്ത് മൊബൈൽ ഫോൺ നിരോധിക്കുകയും ഇടയ്ക്കിടെ പരിശോധന നടത്തുകയും മുന്നറിയിപ്പുകൾ നൽകുകയും ചെയ്യേണ്ടതാണ്.
9. കുട്ടികൾ അവരുടെ കഴിവിനപ്പുറത്ത് നിരീക്ഷിക്കാനും പഠിക്കാനും കഴിയാതെ അമിതഭാരം പേറേണ്ടി വരുന്നില്ലെന്ന് അധ്യാപകർ ഉറപ്പ് വരുത്തണം. അങ്ങിനെയുള്ള പ്രശ്നങ്ങൾ അവരുടെ ശ്രദ്ധയെ വഴി തിരിച്ചു വിട്ടേക്കാം.
10. കുട്ടികളെ സർഗാത്മക പ്രവർത്തനത്തിന് സഹായിക്കുകയും പരസ്പരമുള്ള ബന്ധങ്ങൾ വളരാൻ പേരിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടവരാണ് അധ്യാപകർ.
11. അധ്യാപകർ കുട്ടികളിൽ ആരോഗ്യകരമായ സുഹൃദ്ബന്ധങ്ങൾ വളർത്തിയെടുക്കുകയും അനാരോഗ്യകരമായ ആൺ-പെൺ വിഭജനം പരമാവധി കുറച്ചു കൊണ്ട് വരികയും ചെയ്യേണ്ടതുണ്ട്.. കുട്ടികൾ അവർ രണ്ട് വ്യത്യസ്ത ഗണങ്ങളിൽപ്പെട്ടവരാണെന്ന തോന്നൽ ഉണ്ടാക്കരുത്.

## അനുബന്ധം V

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും വേണ്ടിയുള്ള പൊതു സെമിനാർ:

തെരഞ്ഞെടുക്കപ്പെട്ട/നിർദേശിക്കപ്പെട്ട എല്ലാ കമ്മിറ്റി അംഗങ്ങൾക്കും പഞ്ചായത്തുകളിലെ ഗ്രൂപ്പുകളിൽ ഇത് നടത്തപ്പെടും. ചൈൽഡ് ലൈൻ സന്നദ്ധ പ്രവർത്തകരും DLSA അംഗങ്ങളും, പോലീസ്, ശിശുമന:ശ്ശാസ്ത്ര വിദഗ്ദ്ധന്മാർ, ശിശുരോഗ വിദഗ്ദ്ധന്മാർ എന്നിവർ ഈ സെമിനാറിൽ പങ്കെടുക്കും. പ്രതിരോധത്തെക്കുറിച്ചും തിരിച്ചറിയൽ, റിപ്പോർട്ട് ചെയ്യൽ, നിയമ വശങ്ങൾ, ശിശു മന:ശ്ശാസ്ത്രം എന്നിവയെക്കുറിച്ചും അവർ പൊതു നിർദേശങ്ങൾ നൽകും. ഈ കർമ്മ പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് ഒരു ഓഫീസർ വിശദീകരിക്കും.

## അനുബന്ധം VI

**മാധ്യമപ്രവർത്തകർക്കുള്ള മാർഗ്ഗ നിർദേശങ്ങളും പരിശീലനവും**

അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ദുരന്ത ബാധിതരുടെ സ്വകാര്യതയിലേക്ക് നുഴഞ്ഞ് കയറാതെയും വളരെയധികം ഉദ്വേഗജനകമാക്കാതെയും ഉത്തരവാദിത്തത്തോടെ ഫലപ്രദമായി റിപ്പോർട്ടു ചെയ്യുമെന്നുറപ്പു വരുത്താനാനാണിത്.

ഇവിടുത്തെ കേന്ദ്രാശയങ്ങൾ ചുവടെ ചേർക്കുന്നു

- പേരില്ലായ്മ എന്ന അവസ്ഥയ്ക്കൊപ്പം നിന്ന്, ഒരു കുട്ടിയുടെ സ്വകാര്യതയെ ബഹുമാനിച്ചു കൊണ്ട്, അപകടസാധ്യതയ്ക്കും, ഭീഷണിപ്പെടുത്തലിനും വൈകാരിക പിരിമുറുക്കത്തിനും ഉത്ക്കണ്ഠയ്ക്കും വിട്ടുകൊടുക്കാതെ സംരക്ഷിക്കപ്പെടാനുള്ള അവകാശത്തിനു വേണ്ടി പൊരുതണം. എന്ത് എഴുതണം - എന്ത് എഴുതരുത് എന്നതിന് വഴികാട്ടുന്നു. (S-228A, IPC S-23, POCSO Act മുതലായവ)
- കുട്ടികളുമായി അഭിമുഖം നടത്തുമ്പോൾ വേണ്ട മുൻകരുതലുകളെക്കുറിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ, കുട്ടിയുടെ ജീവിതത്തിന്മേലുള്ള അപകടസാധ്യത എത്രത്തോളമെന്ന് അറിയണം.

- ഉത്തരവാദിത്തമുള്ള റിപ്പോർട്ട് ചെയ്യൽ ലക്ഷ്യമാക്കുന്നത് ഉദ്വേഗജനകമായി വസ്തുതകൾ അവതരിപ്പിച്ച് കുറ്റകൃത്യങ്ങൾ പുറത്തു കൊണ്ടുവരലാണ്. മാധ്യമം ഇതിനെ കാണുന്നത് ഒരു കണ്ണിയുടെ ഭാഗമായിട്ടാണ്. (S-20, 21, POCSO Act)
- കുട്ടികളുടെ നേട്ടങ്ങൾക്കും അതിബുദ്ധി സാമർത്ഥ്യത്തിനും തുല്യ പ്രധാന്യം നൽകണം.
- പക്ഷപാതപരമായ റിപ്പോർട്ടു ചെയ്യലിന്റെയും താഴ്ന്നതരം റിപ്പോർട്ടു ചെയ്യലിന്റെയും പ്രശ്നങ്ങൾ.

മാധ്യമങ്ങളിലൂടെ 'വാൽസല്യ' ത്തിന്റെയും അതുപോലുള്ള ശ്രമങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള അറിവ് വ്യാപിപ്പിക്കണം. ഉത്തരവാദിത്തത്തോടെ റിപ്പോർട്ട് ചെയ്യുന്ന മുതിർന്ന മാധ്യമ പ്രവർത്തകരാണ് അത് ചെയ്യാൻ തയ്യാറാവുക.

## അനുബന്ധം VII

### അഭ്യുദയകാംക്ഷികളുടെ പട്ടിക

1. പോലീസ് വകുപ്പ്
2. എക്സൈസ് വകുപ്പ്
3. സാമൂഹ്യക്ഷേമ വകുപ്പ്
4. വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.എ.
5. ചൈൽഡ് ലൈൻ
6. ഡിസ്ട്രിക്ട് ലീഗൽ സർവീസ് അതോറിറ്റി
7. ഐ.എം.എ. & ഐ.എ.പി.
8. ജെ.ജെ.ബി., സി.ഡബ്ല്യൂ.സി. മെമ്പേഴ്സ്.
9. ആരോഗ്യം/എൻ.ആർ.എച്ച്.എം.
10. കുടുംബശ്രീ
11. എൽ.എസ്.ജി.ഡി.
12. ജില്ലാ ഇൻഫർമേഷൻ ഓഫീസർ.
13. എസ്.സി./ എസ്.ടി. ജില്ലാ ഓഫീസുകൾ.
14. എൻ.ജി.ഒ. കൾ, മറ്റ് സാമൂഹിക സംഘടനകൾ, കൗൺസിലിംഗ് കേന്ദ്രങ്ങൾ.
15. യുവജനക്ഷേമ ബോർഡ്.
16. റോഡ് ഗതാഗത വകുപ്പ്
17. മാധ്യമങ്ങൾ
18. അനാഥാലയ നിയന്ത്രണ ബോർഡ്
19. വിദ്യാർത്ഥി യൂണിയൻ
20. ബസ് മുതലാളി സംഘടന
21. തലശ്ശേരി, പഴയങ്ങാടി, കുടുംബ കൗൺസിലിംഗ് കേന്ദ്രം
22. എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ
23. സ്കൗട്ട്, ഗൈഡ്, എൻ.സി.സി., കോ-ഓർഡിനേറ്റ്
24. നെഹ്റു യുവ കേന്ദ്രങ്ങൾ
25. പ്രതീക്ഷ ആസക്തി മുക്ത കേന്ദ്രം
26. ബി.എസ്.എൻ.എൽ.